# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1494 | 15.2.16- ൽ മറുപടി നൽ കേണ്ടത്.

| | ചോദ്യം<br>ശ്രീ.എളമരം കരീം | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവുംന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി) |
|---|---|---|---|
| (എ)<br><br>(ബി) | നഗരസഭാ പ്രദേശങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ പിഴ ഈടാക്കി ക്രമവത്കരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വിശദീകരിക്കാമോ;<br><br>ഇത് സംബന്ധിച്ച ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) & (ബി) | നഗരസഭാ പ്രദേശങ്ങളിൽ, പ്ലാനിന് അംഗീകാരം വാങ്ങാതെയോ, അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ചോ നടത്തിയിട്ടുള്ള നിർമ്മാണങ്ങൾ കേരള മുനിസിപ്പാലിറ്റി ആക്ടിനോ, കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ ലംഘിക്കാത്ത പക്ഷം അത്തരം നിർമ്മാണങ്ങൾക്ക് കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി, ക്രമവൽക്കരിക്കുന്നതിനുള്ള വ്യവസ്ഥകൾ ചേർത്ത് 2014-ഫെബ്രുവരി 14-ലെ G.O(Ms) No.39/2014/LSGD നമ്പർ ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (റഗുലറൈസേഷൻ ഓഫ് അൺ അതൊറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ക്രമവൽക്കരിയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു. |
| (സി) | എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായാണ് അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കാനുദ്ദേശിക്കുന്നത്; | | കേരള മുനിസിപ്പാലിറ്റി കെട്ടിട(അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങളിലെ ചട്ടം 3-ൽ പ്രതിപാദിക്കുന്ന പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ആയത് പരിഗണിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ചട്ടം 5-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ടിലെ 383 A വകുപ്പ്, അംഗീകൃത ടൗൺ പ്ലാനിംഗ് സ്കീമുകൾ, |

| | | | |
|---|---|---|---|
| | | | ഏൻഷ്യന്റ് മോണമെന്റ് ആന്റ് ആർക്കിയോളജിക്കൽ സൈറ്റ്സ് ആന്റ് റിമെയിൻസ് ആക്ട്, കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ ആക്ട്, തീരദേശ മേഖലാ നിയന്ത്രണങ്ങൾ മറ്റു നിയമങ്ങൾ, അവയ്ക്ക് കീഴിലുള്ള ചട്ടങ്ങൾ ബൈലോകൾ, നോട്ടിഫിക്കേഷനുകൾ എന്നിവയ്ക്കൊപ്പം ടി കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങളിലെ അപ്പൻഡിക്സ് II-ൽ പ്രതിപാദിക്കുന്ന സുരക്ഷ (സേഫ്റ്റി ആന്റ് സെക്യൂരിറ്റി വ്യവസ്ഥകളും (കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ചവ) പാലിക്കേണ്ടതായുണ്ട്. ക്രമവൽക്കരിക്കപ്പെടുന്ന കെട്ടിടങ്ങൾക്ക് ടി ചട്ടങ്ങളിലെ അപ്പൻഡിക്സ് I പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കേണ്ടതുണ്ട്. കൂടാതെ കെട്ടിടങ്ങൾക്ക് ചട്ടങ്ങൾ പ്രകാരമുള്ള വിവിധ് വകുപ്പുകൾ/ഏജൻസികളിൽ നിന്നുള്ള ക്ലീയറൻസുകൾ വാങ്ങേണ്ടതുണ്ട്. |
| (ഡി) | നഗരങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നടത്താതിരിക്കാൻ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്? | | (1) കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 3 ൽ ക്രമവത്ക്കരണത്തിന് യോഗ്യമല്ലാത്ത അനധികൃത നിർമ്മാണങ്ങൾ ക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ വിശദീകരിച്ചിട്ടുള്ളതാണ്. നിയവിരുദ്ധമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ക്കെതിരെ താൽക്കാലിക ഉത്തരവും തുടർന്ന് ഉത്തരവ് സ്ഥിരീകരിക്കുന്നതിനും നഗരസഭാ സെക്രട്ടറിക്ക് അധികാരമുള്ളതാണ്. ഉത്തരവ് അനുസരിക്കാത്ത പക്ഷം അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു കളയുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.<br>(2) കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 157 പ്രകാരം നിയമവിരുദ്ധമായുള്ള നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും, തടയുന്നതിനും, റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ |

| | | | |
|---|---|---|---|
| | | | ജില്ലകളിലും റീജിണൽ ജോയിന്റ് ഡയറക്ടർ, ടൗൺ പ്ലാനർ, സർക്കാർ നാമനിർ ദ്ദേശം ചെയ്ത ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ ഒരു വിജിലൻസ് സ്ക്വാഡ് ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ടി ചട്ടപ്രകാരം എല്ലാ ജില്ലകളിലും വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും പ്രവർത്തിച്ചുവരുന്നതുമാണ്.<br>(3) കെ.എം.ബി.ആർ. ലെ ചട്ടം 158 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ, പുനർനിർമ്മാണമോ, അല്ലെങ്കിൽ രൂപഭേദം വരുത്തലോ മൂലം മനുഷ്യന് ഭീഷണി ഉണ്ടാകുവാൻ സാധ്യതയുള്ളതാണ് എന്ന് സെക്രട്ടറിയുടെ ശ്രദ്ധയിൽ പെട്ടാൽ ആയത് തടയുന്നതിനുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.<br>(4) കോടതിയിൽ നിന്ന് കുറ്റം ചുമത്തപ്പെട്ടാൽ, അനധികൃതമായി നടത്തിയിട്ടുള്ള നിർമ്മാണ ഉടമയിൽ നിന്ന് പിഴ ഈടാക്കുവാനും കെ.എം.ബി.ആർ. ചട്ടം 159 ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.<br>(5) സർക്കാരിന്റെ 27-07-2013-ലെ സ.ഉ(എം.എസ്) നം.268/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിംഗ് ശക്തിപ്പെടുത്തിയിട്ടുള്ളതും, ടി വിംഗ് 01-10-2013 മുതൽ പ്രവർത്തിച്ചു വരുന്നതുമാണ്. വിജിലൻസ് വിംഗിൽ ലഭിക്കുന്ന പരാതി പരിശോധനയുടെയും, നേരിട്ട് നടത്തുന്ന മിന്നൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങളും, ചട്ടലംഘനങ്ങളും സംബന്ധിച്ച് കൃത്യമായി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധ[illegible]ൽ ലഭ്യമാണ്